# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIII - JK 89 | 2025 MAY 25 | No. 6


## PASTORAL LETTER - 6

## മതബോധനവർഷാരംഭം
## 2025 – 2026

### "ഞാൻ പ്രത്യാശയുടെ നക്ഷത്രമാണ്"

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" – (റോമ 5:5)എന്ന വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ വാക്കുകളാണ് റോമാക്കാരെ പ്രത്യാശയിൽ ശക്തിപ്പെടുത്തിയതും ഐക്യപ്പെടുത്തിയതും. പ്രത്യാശയാണ് ഈ ജൂബിലി വർഷത്തിന്റെ സന്ദേശമായി പാപ്പാ നമുക്കു നൽകിയിരിക്കുന്നത്. ആത്മീയ ജീവിതത്തിലേക്കുള്ള വിശുദ്ധ തീർത്ഥാടനമായി ഈ ജൂബിലി ആഘോഷങ്ങൾ മാറണം. ദൈവസാന്നിധ്യത്തിലേക്കും ദൈവസ്നേഹത്തിലേക്കും ഹൃദയം തുറന്ന് പ്രാർത്ഥിക്കാനും ജീവിക്കാനും നമ്മുടെ വിശ്വാസപരിശീലനത്തിലൂടെ സാധിക്കണം. പ്രത്യാശയിൽ നവീകരിക്കപ്പെടുവാനും തദനുസരണം ജീവിക്കുവാനും നമ്മുടെ കുഞ്ഞുമക്കളെ ഒരുക്കണം. "ഞാൻ പ്രത്യാശയുടെ നക്ഷത്ര

മാണ്" – എന്നതാണ് ഈ വർഷത്തെ വിശ്വാസപരിശീലനത്തിന്റെ ആപ്തവാക്യം. ലോകരക്ഷകന്റെ ജനനവിവരമറിഞ്ഞ ദിവ്യശിശുവിനെ കാണാൻ ദൂരദേശത്തുനിന്നും പുറപ്പെട്ട ജ്ഞാനികൾക്ക് പ്രത്യാശ പകർന്നു നൽകി വഴികാട്ടിയായത് വാനിൽ ഉദിച്ച ദിവ്യനക്ഷത്രമാണ്. ജീവിതമാകുന്ന തീർത്ഥയാത്രയിൽ അനുയോജ്യവും സുഖകരവുമായ കാര്യങ്ങൾ മാത്രമല്ല; ഒത്തിരി പ്രതിസന്ധികളും പ്രതിബന്ധങ്ങളും നിറഞ്ഞതുകൂടിയാണെന്ന് ഓർമ്മപ്പെടുത്തുവാൻ കുട്ടികളെ നമുക്ക് പഠിപ്പിക്കാം. അതിനായി അവരെ ഒരുക്കാം.

## വിശ്വാസപരിശീലന കമ്മീഷൻ

മതബോധനം വിശ്വാസ പരിശീലനത്തിനുള്ളതാണെന്നും അത് വിശ്വാസികളെ വിശ്വാസ പക്വതയിലേക്ക് നയിക്കണമെന്നും സഭയുടെ പ്രമാണ രേഖകൾ പഠിപ്പിക്കുന്നു. മതബോധനം കേവലം വിവരങ്ങൾ നൽകുന്നതിനുള്ളതാകാതെ ജീവിത പരിശീലനത്തിനുള്ളതാകണം. ഇന്നത്തെ സഭക്ക് വിശ്വാസ പരിശീലനം എന്ന പദമാണ് മതബോധനം എന്നതിനേക്കാൾ ഉചിതമെന്ന ചിന്തയിലാണ് ഭാരതകത്തോലിക്ക മെത്രാൻ സമിതി (CCBI), ഈ വർഷം മുതൽ കമ്മീഷന്റെ പേര്:- കമ്മീഷൻ ഫോർ ഫെയ്ത്ത് ഫോർമേഷൻ (വിശ്വാസപരിശീലന കമ്മീഷൻ) എന്നാക്കി മാറ്റിയത്. അതിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിലും മതബോധന കമ്മീഷൻ എന്നത് ഇനിമുതൽ കമ്മീഷൻ ഫോർ ഫെയ്ത്ത് ഫോർമേഷൻ – വിശ്വാസ പരിശീലന കമ്മീഷൻ എന്ന പേരിലായിരിക്കും അറിയപ്പെടുന്നത്. അതിരൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ എന്റെ പ്രഥമകർത്തവ്യം സുവിശേഷ പ്രഘോഷണമാണ്. അതിന്റെ ഭാഗമാണ് ഇടവകകളിൽ ചിട്ടയായ ക്രമീകരണങ്ങളോടെ നടത്തി വരുന്ന വിശ്വാസ പരിശീലനം. ഓരോ ഇടവകയിലും ബഹു. വൈദികരും സന്യസ്തരും മതാധ്യാപകരും PTA അംഗങ്ങളും മാതാപിതാക്കളും ഒരുമിച്ച് കൂട്ടായ പ്രവർത്തനത്തിലൂടെ വിശ്വാസവളർച്ച സാധ്യമാക്കുന്നു. അതിലൂടെ സമൂഹത്തിനും സഭയ്ക്കും മാതൃകയാക്കാവുന്ന സാമൂഹിക പ്രതിബദ്ധതയുള്ള വിശ്വാസമുള്ള നല്ല വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ സാധിക്കുന്നുണ്ട്. നമ്മുടെ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലന കർമ്മ പദ്ധതികൾക്കായി ഓരോ ഇടവകയിലും വൈദികരും സന്യസ്തരും മതാധ്യാപകരും മാതാപിതാക്കളും

അജപാലശുശ്രൂഷകരും ചെയ്യുന്ന ത്യാഗപൂർണമായ സേവനങ്ങളെ ഞാൻ നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

## വിശ്വാസപരിശീലനത്തിന്റെ പ്രസക്തി

സമകാലിക സംഭവങ്ങൾ കണക്കിലെടുക്കുമ്പോൾ നമ്മുടെ കുട്ടികൾ വളർന്നുവരുന്ന പശ്ചാത്തലം അത്ര സുരക്ഷിതമാണെന്നു പറയാനാവില്ല. വിവിധതരത്തിലുള്ള ലഹരി ഉപയോഗവും ഉപഭോഗവും കുടുംബങ്ങളിലും വിദ്യാലയങ്ങളിലും ഭയപ്പെടുത്തുന്ന രീതിയിൽ വർദ്ധിക്കുകയാണ്. ലഹരിക്ക് അടിമകളായ യുവജനങ്ങൾ കുടുംബങ്ങളിലും സമൂഹത്തിലും പ്രകടിപ്പിക്കുന്ന പെരുമാറ്റ വൈകല്യങ്ങൾ അതിഭീകരമാണ്. ഈ ദുരന്തത്തിൽ നിന്നും കുട്ടികളെ രക്ഷിക്കുവാനും പിന്തിരിപ്പിക്കുവാനും ബോധവൽക്കരണം നടത്തുവാൻ എല്ലാവരും മുന്നോട്ടു വരണം. ലഹരിവിരുദ്ധ പരിപാടികൾ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തണം. നാടിനെ നശിപ്പിക്കുന്ന സാമൂഹികവിപത്തിനെതിരെ സംരക്ഷണ കവചം തീർക്കാൻ സമാനമനസ്ക്കരോടൊപ്പം ഒരുമിച്ച് പ്രവർത്തിക്കണം.

ദൈവവചനാധിഷ്ഠിതമായ പാഠ്യക്രമത്തിലൂടെ കഴിഞ്ഞ മൂന്നു വർഷം നാം മൂന്ന് സുവിശേഷങ്ങൾ പഠിച്ചു. ഈ വർഷം പഠനത്തിനും വിചിന്തനത്തിനുമായി വി.യോഹന്നാന്റെ സുവിശേഷമാണ് നാം എടുക്കുന്നത്. അതോടൊപ്പം മുൻവർഷങ്ങളിലെപ്പോലെ കുട്ടികളും മതാധ്യാപകരും മാതാപിതാക്കളും സ്വന്തം കൈപ്പടയിൽ വി.ഗ്രന്ഥരചനയും നടത്തുന്നു. വി.മർക്കോസിന്റെ സുവിശേഷമാണ് ഈ വർഷം എഴുതുന്നത്. പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ദിനമായ ആഗസ്റ്റ് 15-ന് ഓരോ ഇടവകയിലും കുട്ടികൾ എഴുതി തയ്യാറാക്കിയ കൈയെഴുത്തു പ്രതികൾ ദിവ്യബലിമധ്യേ സമർപ്പിക്കണം. തുടർന്ന് സെപ്റ്റംബർ 7-ന് വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ നടത്തുന്ന സുവിശേഷദീപം പരിപാടിയിൽ അതിരൂപതയിലെ എല്ലാ മക്കളും സ്വന്തം കൈപ്പടയിൽ എഴുതിയ വിശുദ്ധ മർക്കോസിന്റെ സുവിശേഷം പരിശുദ്ധ വല്ലാർപാടത്തമ്മയ്ക്ക് സമർപ്പിക്കും. ഈ വലിയ സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ നിങ്ങളെല്ലാവരും സഹകരിക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു. കഴിഞ്ഞ വർഷങ്ങളെപ്പോലെ

ഈ വർഷവും മോൺ. ഇമ്മാനുവേൽ ലോപ്പസ് ബൈബിൾ ക്വിസ് മത്സരവും നാം നടത്തുന്നുണ്ട്. കൂടാതെ ഏറ്റവും കൂടുതൽ ദൈവവചനം കാണാതെ പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും സമ്മാനങ്ങൾ നൽകുന്നുണ്ട്.

ഇക്കഴിഞ്ഞ ഏപ്രിൽ-മെയ് മാസങ്ങളിൽ ഇടവകകളിൽ നടന്ന വിശ്വാസോത്സവ (V.F.F)ത്തിലൂടെ കുട്ടികളുടെ വിശ്വാസത്തിലധിഷ്ഠിതമായ മാനസിക സന്തോഷം വളർത്താനും വിശുദ്ധഗ്രന്ഥത്തിലധിഷ്ഠിതമായ ഒരു പുത്തനുണർവ് സമ്മാനിക്കുവാനും സാധിച്ചു. വിശ്വാസപരിശീലനമെന്നത് ആനന്ദമുളവാക്കുന്ന ഒരനുഭവമാക്കി ഇടവകയുടെ തന്നെ ഉത്സവമായി മാറ്റുവാനും നമുക്കു സാധിച്ചു. ഈ വർഷത്തെ വിശ്വാസോത്സവ കർമ്മപരിപാടികൾക്ക് സഹായിച്ച നമ്മുടെ മേജർ സെമിനാരിയിലെ ബ്രദേഴ്സിനെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

## പരിസ്ഥിതി സംരക്ഷണം:

പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത മനസിലാക്കി കൊടുക്കുവാനും പ്രകൃതിയോട് ചേർന്ന് പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനുമായി ഓരോ ഇടവകയിലും കുട്ടികളുടെ നേതൃത്വത്തിൽ ഒരു കൃഷിയിടം ഒരുക്കുന്നതിന് വിശ്വാസപരിശീലന വിഭാഗം കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. പച്ചക്കറികളും പൂക്കളും അടങ്ങുന്ന ചെറുതും വലുതുമായ കൃഷിയിടങ്ങൾ ഒരുക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന്റെ മാഹാത്മ്യം വിളിച്ചോതുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം.

കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കി വിജയിച്ച 'ഹോം കാറ്റിക്കിസം' പരിപാടിക്ക് വളരെ നല്ല അഭിപ്രായമാണ് ലഭിച്ചത്. വ്യത്യസ്ത തലങ്ങളിലുള്ള കുടുംബാന്തരീക്ഷങ്ങളിൽ കുട്ടികൾ ഒരുമിച്ച് ചേർന്ന് വിശ്വാസപരിശീലനത്തിലും വിനോദത്തിലും ഏർപ്പെടുന്നത് വിവിധ കുടംബ പശ്ചാത്തലങ്ങൾ മനസിലാക്കാനുള്ള അവസരം അവർക്കു ലഭിക്കുന്നു. ഈ വലിയ സുവിശേഷ പ്രഘോഷണത്തിൽ പി.ടി.എ.യുടേയും മാതാപിതാക്കളുടേയും സഹകരണവും സഹായവും അനിവാര്യമാണ് എന്ന് ഞാൻ അനുസ്മരിപ്പിക്കുന്നു.

ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ ദിവ്യരക്ഷകന്റെ കുരിശ് നമുക്ക് വിശ്വാസത്തിന്റെയും പ്രത്യാശയുടേയും അടയാളമായി മാറണം. വിശ്വാസപരിശീലനത്തിലൂടെ ജൂബിലിവർഷത്തിന്റെ യഥാർത്ഥ സന്തോഷം പരത്തുവാൻ നമുക്കു ഒരുമിച്ച് പ്രവർത്തിക്കാം. പുതിയ അധ്യായനവർഷത്തിനായി വിദ്യാലയങ്ങൾ തുറക്കപ്പെടുമ്പോൾ ദൈവം എല്ലാ മക്കളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 മെയ് 25-ാം തീയതി,

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2025 ജൂൺ 1-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

*FOR DOCUMENTATION*

# PASTORAL LETTER - 5

# ലെയോ പതിനാലാമൻ പാപ്പാ സഭയുടെ പരമാചാര്യൻ

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

നമ്മുടെ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും സമ്മാനമായി 2025 മെയ് 8 ലെ അനുഗ്രഹീത രാത്രിയിൽ വത്തിക്കാനിലെ സിസ്റ്റീൻ ചാപ്പലിൽ സ്ഥാപിച്ച ചിമ്മിനിയിൽ നിന്ന് പ്രത്യാശയുടെ വെളുത്ത പുക ദൃശ്യമായി. പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ ദൈവ പരിപാലനയുടെ അടയാളമായി സഭയെ നയിക്കാൻ അമേരിക്കയിലെ ചിക്കാഗോ സ്വദേശിയും അഗസ്റ്റീനിയൻ സഭാംഗവുമായ അത്യുന്നത കാർഡിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ആഗോള കത്തോ ലിക്കാ സഭയുടെ 267-ാം പരമാധ്യക്ഷൻ ആയി തിരഞ്ഞെടുക്കപ്പെട്ടു. ലെയോ പതിനാലാമൻ പാപ്പാ എന്ന് അദ്ദേഹം അറിയപ്പെടും. ഈ മഹാദാനത്തിനു സ്നേഹനിധിയായ ദൈവത്തിനു നമുക്ക് നന്ദി പറയാം.

അമേരിക്കയിലെ ചിക്കാഗോയിൽ ലൂയി മാറിയൂസ് പ്രെവോ സ്റ്റിന്റെയും മിൽഡ്രഡ് മാർട്ടിനെസിന്റെയും മകനായി 1985 സെപ്റ്റംബർ 14 നു റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ഭൂജാതനായി. ഫ്രഞ്ച് ഇറ്റാലിയൻ വംശജനായ അദ്ദേഹത്തിന്റെ പിതാവ് 2-ാം ലോക മഹായുദ്ധത്തിൽ യു.എസ്. നാവിക സേനാനി ആയിരുന്നു. അമ്മ സ്പാനിഷ്കാരിയും ആയിരുന്നു.

ലൂയി മാർട്ടിനും ജോൺ ജോസഫും ആണ് സഹോദരങ്ങൾ. ചികാഗോയ്ക്ക് അടുത്തുള്ള ഒരു ചെറുപട്ടണത്തിലെ, സെന്റ് മേരി ഓഫ് ദി അസംപ്ഷൻ ദൈവാലയത്തിൽ അൾത്താര ബാലനായി ശുശ്രുഷ ചെയ്തിരുന്ന റോബർട്ട് ഫ്രാൻസിസ് പിന്നീട് സെന്റ് അഗസ്റ്റിൻ സെമിനാരി ഹൈസ്കൂളിൽ തന്റെ സ്കൂൾ വിദ്യാഭ്യാസം ഒരു പ്രശംസാപത്രം സ്വീകരിച്ചുകൊണ്ടുതന്നെ പൂർത്തിയാക്കി. 1977-ൽ

അഗസ്റ്റീനിയൻ സഭയിൽ ചേർന്ന അദ്ദേഹം 1978 സെപ്റ്റംബറിൽ പ്രഥമ സന്യാസ വാഗ്ദാനവും 1981 ആഗസ്റ്റിൽ നിത്യവ്രത വാഗ്ദാനവും നടത്തി.

പെൻസിൻ വാനിയായിലെ വില്ലനോവ യൂണിവേഴ്സിറ്റിയിൽ ഫിലോസഫിയും മാത്തമാറ്റിക്സും പഠിച്ചു അദ്ദേഹം ഷിക്കോഗോ യിലെ കാത്തലിക് തിയോളജിക്കൽ യൂണിയനിൽനിന്നും ദൈവശാസ്ത്ര ബിരുദവും റോമിലെ സെന്റ് തോമസ് അക്വിനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും കാനോൻ നിയമത്തിൽ ഡോക്ടറേറ്റും നേടി.

1982 ജൂൺ 19-ന് റോമിലെ സെന്റ് മോനിക്ക അഗസ്റ്റീനിയൻ കോളേജിൽ വച്ച് വൈദികനായി അഭിഷിക്തനായ അദ്ദേഹം പെറുവിൽ തന്റെ മിഷനറി ജീവിതം 1985-ൽ ആരംഭിച്ചു. 1987-ൽ ഇല്ലിനോയിസിലെ മദർ ഓഫ് ഗുഡ് കൗൺസൽ അഗസ്റ്റീനിയൻ പ്രോവിൻസിലെ വൊക്കേഷൻ ഡയറക്ടറും മിഷൻ ഡയറക്ടറുമായി നിയമിതനായ ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് അടുത്തവർഷം തന്നെ ട്രൂജിലായിലും പെറുവിലും അഗസ്റ്റീനിയൻ സന്യാസാർത്ഥികളുടെ രൂപീകകരണത്തിനായുള്ള ജോയിന്റ് ഫോർമേഷൻ പ്രോജക്ടിന്റെ ഡയറക്ടറുമായി നിയമിക്കപ്പെട്ടു. പ്രിയോർ, ഫോർമേറ്റർ, കാനൻലോ മോറൽ തിയോളജി പ്രൊഫസർ ട്രൂജില്ലൊ അതിരൂപതയുടെ ജുഡീഷ്യൽ വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം ഔവർ ലേഡി ഓഫ് മോൺസറാത്ത് ഇടവകയുടെ പാരീഷ് അഡ്മിനിസ്ട്രേറ്ററായും സേവനം ചെയ്തു.

1999-ൽ ഷിക്കാഗോയിലെ മദർ ഓഫ് ഗുഡ് കൗൺസൽ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ പ്രിയോരായി തിഞ്ഞെടുക്കപ്പെട്ട ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെമോസ്റ്റ് അഞ്ചരവർഷങ്ങൾക്കുശേഷം അഗസ്റ്റീനിയൻ സഭയുടെ പ്രിയോർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. 2007-ൽ രണ്ടാമതും അദ്ദേഹം പ്രിയോർ ജനറലായി.

ഇക്കാലഘട്ടത്തിൽ 2004-ലും 2006-ലും അദ്ദേഹം വരാപ്പുഴ അതിരൂപത സന്ദർശിച്ചു എന്നത് നമുക്ക് അഭിമാനകരമാണ്. 2004-ൽ അഗസ്റ്റീനിയൻ സന്യാസ ഡീക്കന്മാരുടെ തിരുപ്പട്ട സ്വീകരണം കലൂർ

സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിൽ നടന്നപ്പോൾ അന്നത്തെ അതിരൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിനൊപ്പം ഫാ. റോബർട്ട് ഫ്രാൻസിസ് പ്രൊവോസ്റ്റ് സഹകാർമ്മികനായി.

ലെയോ പതിനാലാമൻ പാപ്പാ വരാപ്പുഴ അതിരൂപതാ മെത്രാസനമന്ദിരത്തിലും ആലുവ മരിയാപുരം മേരി ക്വീൻ ഹെൽപ് ഓഫ് ക്രിസ്ത്യൻ ചർച്ചിലും അഗസ്റ്റീനിയൻ സന്യാസസഭാമന്ദിരത്തിലും കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിലും സന്ദർശനം നടത്തി എന്നുള്ളത് നമുക്ക് ഏറെ സന്തോഷം നൽകുന്ന ഒരു കാര്യമാണ്. അതിന് ദൈവത്തിന് നന്ദി പറയുന്നു.

2014 നവംബർ 3-ന് പെറുവിലെ ചിക്ലായോ രൂപതയുടെ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ അദ്ദേഹത്തെ പിന്നീട് 2015 സെപ്റ്റംബർ 26-ന് ചിക്ലായോ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് പാപ്പാ നിയമിച്ചു. 2019-ൽ ക്ലേരിമാർക്കായുള്ള തിരുസംഘത്തിന്റെ അംഗമായും 2020-ൽ മെത്രാൻമാർക്കായുള്ള തിരുസംഘത്തിന്റെ അംഗമായും പെറുവിലെ കല്ലാവോ രൂപതയുടെ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്ററുമായി നിയമിതനായ ബിഷപ്പ് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിനെ ഫ്രാൻസിസ് പാപ്പാ 2023 ജനുവരി 30-ന് മെത്രാന്മാർക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീറെക്ടറായും ലാറ്റിൻ അമേരിക്ക അടക്കമുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റായും നിയമിക്കുകയും ആർച്ചുബിഷപ്പായി അദ്ദേഹത്തെ ഉയർത്തുകയും ചെയ്തു. തുടർന്ന് 2024 സെപ്തംബർ 30-ലെ കൻസിസ്റ്ററിയിൽ ആർച്ചുബിഷപ്പ് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റീനെ ഫ്രാൻസിസ് പാപ്പാ കർദ്ദിനാളായി ഉയർത്തി.

ഇപ്പോഴിതാ പാപ്പാ ഫ്രാൻസിസിന്റെ പിൻഗാമിയായി ലെയോ പതിനാലാമൻ പാപ്പായെ ദൈവം നമുക്ക് നൽകിയിരിക്കുന്നു. ജനകോടികളുടെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ട ലെയോ പതിനാലാമൻ പാപ്പാ പറഞ്ഞു – 'നമുക്ക് കൂടിക്കാഴ്ചകളിലൂടെയും സംഭാഷണങ്ങളിലൂടെയും പാലങ്ങൾ പണിയാൻ ശ്രമിക്കാം. അങ്ങനെ നമുക്ക് സമാധാനത്തിൽ

ജീവിക്കുന്ന ഒറ്റ ജനതയാകാം' എന്ന്. താൻ വി. അഗസ്റ്റിന്റെ മകനാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ലാളിത്യം നിറഞ്ഞ ജീവിതശൈലിയുള്ള സഭയുടെ പ്രേഷിതമുഖമായി മാറാൻ ആഗ്രഹിക്കുന്ന ലെയോ പതിനാലാമൻ പാപ്പായ്ക്ക് വരാപ്പുഴ അതിരൂപത ഒരു കുടുംബമായി പ്രാർത്ഥനാശംസകൾ നേരുന്നു. ലെയോ പതിനാലാമൻ പാപ്പാ ഔദ്യോഗികമായി തന്റെ ഇടയശുശ്രൂഷ ആരംഭിക്കുന്ന ദിനത്തിൽ പേപ്പൽ പതാക ഉയർത്തുകയും പാപ്പായ്ക്കുവേണ്ടി പ്രത്യേക ദിവ്യബലിയർപ്പിക്കുകയും ചെയ്യണമെന്നും അന്നേദിനം പാപ്പാദിനമായി ആചരിക്കണമെന്നും സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു. ദൈവം ലെയോ പതിനാലാമൻ പാപ്പായെയും തിരുസഭയെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 മെയ് 9-ാം തീയതി,

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2025 മെയ് 11-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

## NOTIFICATION - 7

## TRANSFERS AND APPOINTMENTS

**5 JUNE 2025**

1. **Rev. Fr. Francis Peediackal**
   Vicar Forane VIII &
   Parish Priest, Cruz Milagres Church
   Kurisinkal, Ochanthuruth - 682 508.

2. **Rev. Fr. Alphonse Panakal**
   Archdiocesan Archivist

3. **Rev. Fr. Sebastian Joby Aseethuparambil**
   Parish Priest, St. John the Apostle of Church
   Muppathadom - 683 110.

4. **Rev. Fr. Augustine Isaac Kurisinkal**
   Parish Priest, St. Augustine's Church
   Moolampilly - 682 027.

5. **Rev. Fr. Bevin Thomas Kalloor** (5 August 2025)
   Priest in Charge
   St. Maximillian Kolbe Church
   Kolbe Nagar, Thoosam.

6. **Rev. Fr. Felix Chullickal**
   Parish Priest, Our Lady of Mercy Church
   Ponnarimangalam, Cochin - 682 504.

7. **Rev. Fr. George Kuruppath**
   Parish Priest, St. Pius X Church
   Kalamassery-683 104.

8. **Rev. Fr. Lazar Sinto Thaiparambil** (5 August 2025)
Parish Priest, Abhaya Matha Church
Vennala, Cochin - 682 028.

9. **Rev. Fr. Augustine Shelbin Variath**
Parish Priest, Infant Jesus Church
Thundathumkadavu - 683 517.

10. **Rev. Fr. John Capistan Lopez** (30 June 2025)
Parish Priest, St. James Church
Cheranellur 682 034

11. **Rev. Fr. Joseph Antony Palliparambil**
Parish Priest, St. Sebastian's Church
Perumalpady, Elamkunnappuzha - 682 505.

12. **Rev. Fr. Joseph Biju Thattarassery** (20 June 2025)
Parish Priest, Holy Family Church
S. Chittoor, Cochin - 682 027.

13. **Rev. Fr. Joseph Oliparambil** (Jr) (15 June 2025)
Parish Priest
Our Lady of Immaculate Conception Church
Koratty - 680 309.

14. **Rev. Fr. Joseph Sherin Chemmayath** (15 June 2025)
Parish Priest, St. Antony's Church,
Kakkanad, Athany - 683 585

15. **Rev. Fr. Joseph Thoppil**
Parish Priest, St. Ambrose Church
Edavanakad - 682 502

16. **Rev. Fr. Jose Mathew Thannippilly**
Parish Priest, St. George's Church,
Eroor - 682 306.

17. **Rev. Fr. Lithin Jose Nedumparambil**
Parish Priest & Ss. Peter & Paul Church
Kataribagh, Venduruthy
Cochin - 682 004.

18. **Rev. Fr. Paul Thundiyil**
Retirement, Avilabhavan

19. **Rev. Fr. Paxon Francis Palliparambil**
Priest in Charge, St. Joseph's Church
Kadamakkudy 682 027

20. **Rev. Fr. Rajeev Jose Kainikat** (15 June 2025)
Parish Priest
Our Lady of Perpetual Help Church
Cheranellur - 682 034.

21. **Rev. Fr. Raphael Kalluveettil** (15 June 2025)
Parish Priest, Holy Cross Church
Nettoor - 682040

22. **Rev. Fr. Robinson Panakal** (15 June 2025)
Parish Priest, Christ the King Church
Arattuvazhy, Narackal P.O.- 682 505.

23. **Rev. Fr. Roshan Jacob Mulloor**
Parish Priest, Our Lady of Fatima Church
Edayar - 686 662

24. **Rev. Fr. Peter Ambalathinkal**
Director, Avilabhavan & Administrator
Archbishop Attipetti Nagar,
Chembumukku, Kakkanad - 682 021.

25. **Rev. Fr. Sebastian Moonukoottungal**
Parish Priest, St. Raphael's Church
Thykoodom, Cochin - 682 019.

26. **Rev. Fr. Thaddeus Babu Vavakkat** (5 August 2025)
Parish Priest
Our Lady of Health Church
Ponjassery- 683547

27. **Rev. Fr. Merton D'Silva**
Priest in Charge, Divine Mercy Church
Thabor, Mookkannur P.O., 683577.

28. **Rev. Fr. Martin Azhikkakath** (20 June 2025)
Rest, Avilabhavan

29. **Rev. Fr. Felix Chakkalakal** (30 June 2025)
Chaplain, Kristujayanthi Hospital
Perumpilly

30. **Rev. Fr. Godson Antony Chamminikodath**
Asst. Parish Priest
St. Joseph's Church
Thevara, Cochin - 682 013.

31. **Rev. Fr. Martin Garrison Paiva** (30 June 2025)
Higher Studies

32. **Rev. Fr. Nijin Joseph Kattiparambil** (10 June 2025)
Asst. Manager, St. Paul's College
& Asst. Director, KCSL

33. **Rev. Fr. Jipson Thomas Chanayil** (30 June 2025)
Asst. Parish Priest
Cruz Milagres Church
Kurisinkal, Ochanthuruth - 682 508.

34. **Rev. Fr. Antony Shyju CSJ**
Asst. Parish Priest
St. John the Baptist Church
Palarivattom, Cochin - 682 025

35. **Rev. Fr. Deslin Paulson Chelatt SJ** (10 June 2025)
Asst. Parish Priest
Mount Carmel Church
Chathiath, Cochin - 682 012.

36. **Rev. Fr. Vargheese Hridayadasan CSJ**
Asst. Parish Priest
Sacred Heart of Jesus Church
Kothad - 682 027.

Ernakulam
25 May 2025

Fr. Ebigin Arackal
Chancellor, Archdiocese of Verapoly

# FORANE COORDINATORS
# FOR LAY MINISTRY AND YOUTH MINISTRY

## I FORANE DISTRICT

**Rev. Fr. Sobin Stanlin Pallath**
Asst. Parish Priest, St. George's Church
Perumanoor, Cochin - 682 016.

## II FORANE DISTRICT

**Rev. Fr. Joby Alappatt**
Parish Priest, Sacred Heart Church
Edappally North,
AIMS P.O., Cochin - 682 041.

## III FORANE DISTRICT

**Rev. Fr. Renil Thomas Ittikkunnath**
Asst. Parish Priest
Little Flower Church,
Pottakuzhy, N. Kaloor - 682 017.

## IV FORANE DISTRICT

**Rev. Fr. Antony Anand Mannalil**
Parish Priest
St. Joseph the Worker Church
Ambalamugal-682302.

## V FORANE DISTRICT

**Rev. Fr. Antony Karippatt**
Parish Priest, St. Jude Thaddeus Church
Unichira, Cochin - 682 033.

**VI Forane District**

**Rev. Fr. Febin Joseph Kizhavana**
Asst. Parish Priest
St. Anne's Church, Thottakattukara
Alwaye - 683 108.

**VII Forane District**

**Rev. Fr. Augustine Shelbin Variath**
Parish Priest, Infant Jesus Church
Thundathumkadavu - 683 517.

**VIII Forane District**

**Rev. Fr. Emmanuel Azure Alex Panakkal**
Asst. Parish Priest, St. George's Church
Karthedom, Malipuram P.O- 682 511.

## FORANE COORDINATORS FOR SOCIAL MINISTRY, FAMILY MINISTRY AND FORANE DIRECTOR OF BCC

**I Forane District**

**Rev. Fr. John Christopher Vadassery**
Parish Priest, St. Sebastian's Church
Bolghatty, Cochin - 682 504.

**II Forane District**

**Rev. Fr. Rajeev Jose Kainikat**
Parish Priest, Our Lady of Perpetual Help Church
Cheranellur - 682 034.

**III FORANE DISTRICT**

**Rev. Fr. Tijo Thomas Kolothumveettil**
Parish Priest
Our Lady of Dolours Church
Thuthiyoor - 682 030.

**IV FORANE DISTRICT**

Rev. Fr. Anil Antony Theruvil
Parish Priest , St. Antony's Church
Mulamthuruthy - 682 314

**V FORANE DISTRICT**
Rev. Fr. Dominic Kanappilly
Parish Priest, Lourde Matha Church
Thevakkal, Cochin - 682 021

**VI FORANE DISTRICT**

Rev. Fr. Merton D'Silva
Priest in Charge, Divine Mercy Church
Thabor, Mookkannur P.O., 683577.

**VII FORANE DISTRICT**

**Rev. Fr. Jolly Thappalodath**
Parish Priest, Amalolbhava Matha Church
(Our Lady of Immaculate Conception)
Amalanagar, Valluvally - 683 518.

**VIII FORANE DISTRICT**

**Rev. Fr. Sebastian Oliparambil**
Parish Priest, St. Sebastian's Church
Puthuvaippu - 682 508.

# FORANE COORDINATORS FOR PASTORAL MINISTRY AND EDUCATION MINISTRY

**I FORANE DISTRICT**

**Rev. Fr. Lithin Jose Nedumparambil**
Parish Priest, Ss. Peter & Paul Church
Kataribagh, Venduruthy
Cochin - 682 004.

**II FORANE DISTRICT**

**Rev. Fr. Shamil Joseph Thykkoottathil**
Asst. Parish Priest, Holy Family Church.
S. Chittoor, Cochin - 682 027.

**III FORANE DISTRICT**

**Rev. Fr. Antony Bibu Kadamparambil**
Parish Priest, St. Francis Xavier's Church
Ponekkara, AIMS P.O., Cochin - 682 041.

**IV FORANE DISTRICT**

**Rev. Fr. Raphael Kalluveettil**
Parish Priest, Holy Cross Church
Nettoor – 682040.

**V FORANE DISTRICT**

**Rev. Fr. Jaison Nedumparambil Francis OSA**
Parish Priest, Mary Queen Help of Christian Church
Mariapuram, Choornikkara
Thaikattukara P.O., Aluva - 683 106.

**VI FORANE DISTRICT**

**Rev. Fr. Augustine Baiju Kuttickal**
Parish Priest, Our Lady of Dolours Church
Manjaly, Mannam P.O.
North Paravur - 683 520

**VII FORANE DISTRICT**

**Rev.Fr. Jobin Panikulam**
Priest in Charge
St. Antony's Church
Chirayam-682032

**VIII FORANE DISTRICT**

**Rev. Fr. Joseph Antony Palliparambil**
Parish Priest, St. Sebastian's Church
Perumalpady
Elamkunnappuzha - 682 505.

Ernakulam
25 May 2025

Fr. Ebigin Arackal
*Chancellor, Archdiocese of Verapoly*

# CASUS
# JUNE 2025

Q: In 1987, I was married in the Catholic Church. Both of us were Catholics. We civilly divorced after three years of marriage. In 1994, I explained the previous marriage situation to a priest who was helping me and my new fiancée get married in the Catholic Church. He had me begin the annulment process, but it took too long and was not completed, no determination was made. The priest…told me that getting an annulment was a "formality," and married us in Church in 1995 even though I had not had my previous marriage in the Catholic Church declared null by the Tribunal of our diocese.

*Am I validly, licitly married under Canon Law? Do I still need to get an annulment? – Patrick*

A: God alone knows how many priests around the world today minister tirelessly and selflessly to the people of their parishes. Sadly, their lifelong work and self-sacrifice can sometimes be completely overshadowed by the conduct of an equally unknown number of their fellow-priests who confuse "ministerial service" with "personal power". Let's take a look at what a priest is supposed to do in a situation like Patrick's, and at the damage caused by his failure to do it. In the process, all of us—priests and laity alike—should gain a renewed awe for the immense responsibility of every Catholic priest before God.

The fundamental issue here seems to be the need for a correct understanding of the exercise of authority. There is no denying that through his ordination, a priest obtains spiritual power which is simply indescribable. As St. John Vianney, the patron saint of parish priests, once said, "Oh, the greatness of the priest! If he understood himself, he would die!" How is this power supposed to be exercised?

Vatican II's Decree on the Ministry and the Life of Priests, Presbyterorum Ordinis, spells out pretty clearly what most of us

instinctively know already: the life and ministry of a priest is to be characterized by humility, service, and obedience.

Aware of his own weakness, the true minister of Christ works in humility trying to do what is pleasing to God…. With humble disposition he waits upon all whom God has sent him to serve in the work assigned to him and in the multiple experiences of his life. By this humility and by willing responsible obedience, priests conform themselves to Christ. They make their own the sentiments of Jesus Christ who "emptied himself, taking on the form of a servant," becoming obedient even to death (Phil 2:7-9). By this obedience he conquered and made up for the disobedience of Adam, as the Apostle testifies, "for as by the disobedience of one man, many were made sinners, so also by the obedience of one, many shall be made just"(Rom 5:19) (15).

Canon 276 is taken verbatim from yet another section of Presbyterorum Ordinis, noting that the clergy are stewards of the mysteries of God in the service of His people. The clear message is that while clerics undoubtedly have a lot of power, it is supposed to be used not for their own self glorification, but for the spiritual good of others.

With all this in mind, let's look at the specific case of Patrick, who approached his parish priest seeking to marry a second time in the Church. As we have seen before in this space, canon law states unequivocally that marriage enjoys the favor of the law—meaning that every marriage is presumed valid unless and until the contrary is proven (c. 1060). There is nothing about this canon that is optional or open to interpretation; and like all the other canons in the code, every Roman Catholic on the planet (including parish priests!) is bound to follow it (cf. c. 1).

What should have happened, when Patrick "explained the previous marriage situation to a priest who was helping [him] and [his] fiancée get married in the Catholic Church"? First and foremost, the priest

should have explained the necessity of first obtaining an annulment of his first marriage. That's because in the absence of a declaration of nullity of that marriage by a competent tribunal, Patrick is still married in the eyes of the Church to his first wife! Consequently, and not surprisingly, he is unable to marry again because of the impediment of prior bond (c. 1085.1). The next paragraph of the very same canon states that one cannot enter another marriage, before the nullity of the previous one has been established lawfully and with certainty (c. 1085.2). How much clearer could the code possibly be on this point?

And yet, as we see, Patrick was told by the priest at his parish that "getting an annulment was a 'formality.'" The falsehood of such a statement, and this priest's blatant disregard for the official laws and teachings of the Church regarding marriage, are simply mind-boggling. After all, canon laws are laws, not suggestions. Patrick and his new fiancée were certainly not at fault here. They did exactly what Catholics are expected to do: they consulted their parish priest and reasonably accepted the information he gave them as accurate. After all, if you can't trust a priest to administer the sacraments correctly, whom can you trust? But the undeniable fact remains that Patrick and his new wife are, in the absence of a declaration of nullity of Patrick's first marriage, most definitely not married so far as the Catholic Church is concerned. The priest may very well have gone through all the required external motions to celebrate their wedding in accord with canonical form (c. 1108.1), but surely he was well aware that metaphysically speaking, he wasn't marrying them at all.

What is to be done here? First and foremost, Patrick has to find a responsible priest who will help him request an annulment from the tribunal of his diocese. Since it appears from what he tells us that this process was started at some point in the past, someone must inquire as to the status of his case and ensure that it is completed—and let's hope,

for Patrick's sake, that the judges eventually do indeed find that his first marriage was null.

It's worth noting at this point that pretending to administer a sacrament is a crime (c. 1379), as well it should be—since the lay faithful are completely dependent on their priests to administer the sacraments correctly and appropriately.

*Q. Two Hindus got married in the Temple as per Hindu religious rites. Later they got divorced and one of them would like to receive Baptism and get married to a Catholic in the Church. Should he/she obtain annulment from the first marriage from the Catholic Tribunal prior to the new Marriage in the Church?*

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21